**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1461** **11-09-2023 - ൽ മറുപടിയ്ക്ക്**

**2022, 2023 വർഷങ്ങളിൽ നടത്തിയ കെ. ടെറ്റ് പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2022, 2023 വർഷങ്ങളിൽ കെ. ടെറ്റ് പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളിൽ എത്ര പേർ വിജയിച്ചു എന്ന് വിശദമാക്കാമോ; | (എ) | 2022 ഫെബ്രുവരി - 29,174<br><br>2022 ഒക്ടോബർ - 33,138<br><br>2023 മാർച്ച് - 24,709 |
| (ബി) | 2022, 2023 വർഷങ്ങളിൽ ആകെ എത്ര കെ. ടെറ്റ് പരീക്ഷ നടന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | 2022-ൽ രണ്ട് കെ-ടെറ്റ് പരീക്ഷകളാണ് നടന്നിട്ടുള്ളത്. 2023-ൽ ആദ്യ കെ-ടെറ്റ് പരീക്ഷ പൂർത്തീകരിച്ച് ഫലപ്രഖ്യാപനം നടത്തിയിട്ടുള്ളതും നിലവിൽ സർവ്വീസിലുള്ള അധ്യാപകർക്ക് വേണ്ടിയുള്ള പ്രത്യേക കെ-ടെറ്റ് പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും സെപ്റ്റംബർ മാസം 10, 16 തീയതികളിലായി പരീക്ഷ നടത്തുന്നതുമാണ്. |
| (സി) | കെ. ടെറ്റ് പരീക്ഷ പാസായ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് വിതരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ സർട്ടിഫിക്കറ്റ് വിതരണത്തിന്റെ കാലതാമസം വിശദമാക്കാമോ; | (സി) | നിലവിൽ 2022 ഒക്ടോബർ മാസത്തിലെ കെ-ടെറ്റ് വിജ്ഞാപന പ്രകാരം വരെ പരീക്ഷ എഴുതി വിജയിച്ചവർക്ക് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ പ്രമാണ പരിശോധന പൂർത്തീകരിച്ച് സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. 01.06.2023 ന് ശേഷം വെരിഫിക്കേഷൻ നടത്തിയവരുടെ സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകിയിട്ടില്ല .കെ.ടെറ്റ് പരീക്ഷ എഴുതി വിജയിക്കുന്ന പരീക്ഷാർത്ഥികളുടെ പ്രമാണ പരിശോധന നടത്തുന്നതിന് പരീക്ഷാഭവനിൽ നിന്നും സമയം അനുവദിച്ച് നൽകുകയും പ്രസ്തുത സമയപരിധിക്കുള്ളിൽ നടപടികൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേക്ക് ഓൺലൈൻ ആയി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകുന്നത്. പ്രസ്തുത സമയപരിധിയിൽ പ്രമാണ പരിശോധന പൂർത്തീകരിക്കാതിരിക്കുകയും വൈകി പൂർത്തീകരിക്കുകയും ചെയ്യുന്നവരുടെ |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റുകളാണ് പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് അനുവദിച്ചു നൽകാനുള്ളത്. |
| (ഡി) | റിസൾട്ട് വന്നാലുടൻ തന്നെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | പരീക്ഷാ ഫലപ്രഖ്യാപനത്തിന് ശേഷം അപേക്ഷാർത്ഥികളുടെ അസ്സൽ പ്രമാണ പരിശോധന ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ പൂർത്തീകരിച്ച് ആയതിന്റെ റിപ്പോർട്ട് ഓൺലൈൻ ആയി പരീക്ഷാഭവനിൽ ലഭിച്ച് പരീക്ഷാഭവനിലെ പരിശോധനകളും പൂർത്തീകരിച്ച ശേഷം മാത്രമേ കെ.ടെറ്റ് അസ്സൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ